# ജി എൽ പി എസ്

# തേങ്കുറിശ്ശി



# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025 -26

# ആമുഖം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാലയങ്ങളെ മികവിന്റെ പാതയിലേക്ക് നയിക്കുക, പൗരാവബോധമുള്ള ഒരു നല്ല തലമുറയെ വാർത്തെടുക്കുക എന്നീ ലക്ഷ്യങ്ങളെ മുൻ നിർത്തി ജി എൽ പി എസ് തേങ്കുറിശ്ശി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാൻ ആണ് ഇവിടെ സമർപ്പിക്കുന്നത്. ആധുനികവിദ്യാഭ്യാസ സാഹചര്യങ്ങൾക്കും പുതുതായി നടപ്പാക്കുന്ന നയങ്ങൾക്കും അനുസരിച്ച് കുട്ടിയുടെ സർവതോന്മുഖമായ വികാസത്തിനായാണ്ഇതു തയ്യാറാക്കിയിരിക്കുന്നത്.പൊതുവിദ്യാഭ്യാത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും കുട്ടികളുടെ സമഗ്ര പുരോഗതി ഉറപ്പാക്കാനും ഈ മാസ്റ്റർ പ്ലാൻ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.വിദ്യാലയത്തിന്റെ നിലവിലെ ഭൗതിക സാഹചര്യങ്ങളെ ഉൾക്കൊണ്ടു കൊണ്ട് , പരിമിതികളെ മറികടക്കാനും, പുരോഗതിയുടെ പുതിയ ആകാശങ്ങൾ എത്തിപ്പിടിക്കാനും ഇത് വഴികാണിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | ജി എൽ പി എസ് തേങ്കുറിശ്ശി |
| 2. വിലാസം | : | വടക്കേത്തറ,<br>തേങ്കുറിശ്ശി (പി .ഒ .)<br>പാലക്കാട് -678671 |
| 3. ഫോൺ | : | |
| 4. സ്കൂൾകോഡ് | : | 21435 |
| 5. വിദ്യാഭ്യാസ ഉപജില്ല | : | കുഴൽമന്ദം |
| 6. വിദ്യാഭ്യാസ ജില്ല | : | പാലക്കാട് |
| 7. റവന്യൂ ജില്ല | : | പാലക്കാട് |
| 8. ബി ആർ സി | : | കുഴൽമന്ദം |
| 9. സി ആർ സി | : | SVLNMUPS ,വിളയൻചാത്തന്നൂർ |
| 10. ഗ്രാമ പഞ്ചായത്ത് | : | തേങ്കുറിശ്ശി |
| 11. ബ്ലോക്ക് പഞ്ചായത്ത് | : | കുഴൽമന്ദം |
| 12. ജില്ലാ പഞ്ചായത്ത് | : | പാലക്കാട് |
| 13. നിയമ സഭാ മണ്ഡലം | : | ആലത്തൂർ |
| 14. ലോക സഭാ മണ്ഡലം | : | ആലത്തൂർ |
| 15. താലൂക്ക് | : | ആലത്തൂർ |
| 16. വില്ലേജ് | : | തേങ്കുറിശ്ശി |

# വിദ്യാലയ ചരിത്രം

ആലത്തൂർ തലൂക്കിന്റെ വടക്കു കിഴക്കേ കോണിൽ പാലക്കാട് താലൂക്ക് അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന കൊച്ചു ഗ്രാമമാണ് തേങ്കുറിശ്ശി.തേങ്കുറിശ്ശി പഞ്ചായത്തിലെ രണ്ടാം വാർഡായ കടുങ്ങം /വടക്കേത്തറ പ്രദേശത്താണ് ഗവണ്മെന്റ് ലോവർ പ്രൈമറി സ്കൂൾ സ്ഥിതി ചെയ്യുന്നത്.പഞ്ചായത്തിലെ ഏക ഗവണ്മെന്റ് വിദ്യാലയവും ഇതാണ്.1919 ൽ ത്റങ്കുറിശ്ശി കേന്ദ്രീകരിച്ച് രണ്ടു എലിമെന്ററി സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. ആൺകുട്ടികൾക്കായി ബോർഡ് ബോയ്സ് എലിമെന്ററി സ്കൂൾ വടക്കേത്തറയിലും .പെൺകുട്ടികൾക്കായി ബോർഡ് ഗേൾസ് എലിമെന്ററി സ്കൂൾ തെക്കേത്തറയിലും സ്ഥാപിക്കപ്പെട്ടു .സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകത സമൂഹത്തിനു ബോധ്യം വരാത്ത കാലമായിരുന്നതിനാൽ തെക്കേത്തറയിലെ വിദ്യാലയത്തിൽ കുട്ടികൾ തീരെ കുറവായിരുന്നു.

1947 ൽ ഇന്ത്യ സ്വതന്ത്രമായപ്പോൾ സ്കൂളിനെ ഗവണ്മെന്റ് ഏറ്റെടുക്കുകയും പെൺകുട്ടികൾക്ക് മാത്രമായിരുന്ന തെക്കേത്തറയിലെ വിദ്യാലയം നിനിർത്തലാക്കി വടക്കവടക്കേത്തറയിലെ വിദ്യാലയത്തിൽ അധ്യയനം തുടരാൻ അനുവദിക്കുകയും ചെയ്തു.അഞ്ചാം തരംവരെയുള്ളഈ വിദ്യാലയമാണ് ഇന്ന് അറിയപ്പെടുന്ന ഗവണ്മെന്റ് ലോവർ പ്രൈമറി സ്കൂൾ തേങ്കുറിശ്ശി.

1997 വരെ വാടകക്കെട്ടിടത്തിലായിരുന്നു വിദ്യാലയം പ്രവർത്തിച്ചിരുന്നത്. തേങ്കുറിശ്ശി കടുങ്ങം പ്രദേശത്തെ ശ്രീ.മല്ലുണ്ണി മക്കൾ ശ്രീ. ശങ്കരൻകുട്ടി, ശ്രീ.ജയരാജൻ എന്നിവർ ചേർന്ന് സ്ഥലം സർക്കാരിലേക്ക് 1997 ഏപ്രിൽ 2 ന് സൗജന്യമായി രജിസ്റ്റർ ചയ്തു. SSA യുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും വിവിധ പദ്ധതികളിലൂടെ വിദ്യാലയം ഭൗതികമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

# പൊതു ലക്ഷ്യങ്ങൾ

*സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.

*എല്ലാ കുട്ടികൾക്കും മലയാളം,ഇംഗ്ലീഷ് എന്നീ ഭാഷകൾ വായിക്കാനും എഴുതാനും കഴിയുന്നുണ്ടെന്ന് ഉറപ്പു വരുത്തുക .

*കുട്ടികളുടെ കഴിവ്,അഭിരുചി എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും ലഭ്യമാക്കുക .

*വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

*ആധുനിക സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി മൂർത്തമായ പഠനാനുഭവങ്ങൽ ക്ലാസ്റൂമിൽ നടപ്പാക്കുക.

*ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക പിന്തുണക്കായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ഷീറ്റുകൽ SRG യുടെ നേതൃത്വത്തിൽ തയ്യാറാക്കി നൽകുക.

*അറിവ് നിർമാണ ഇടങ്ങളായി വിദ്യാലയങ്ങളെ മാറ്റുക.

*മാലിന്യ മുക്ത ഹരിത വിദ്യാലയമായി വിദ്യാലയത്തെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ക്രിയാത്മകമായി ഏറ്റെടുത്തു നടപ്പാക്കുക.

*ലഹരി,മൊബൈൽ അഡിക്ഷൻ  എന്നിവയ്ക്കെതിരെ മുൻകരുതൽ നടപടികൾ സ്വീകരിക്കുക.

# നിലവിലെ അവസ്ഥാ വിശകലനം

തീർത്തും ഗ്രാമീണാന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികളും പരിമിതമായ സാഹചര്യത്തിൽ നിന്നും വരുന്നവരാണ്.പ്രീ -പ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെ അറുപതോളം കുട്ടികൾ ഇവിടെ പഠിക്കുന്നു. പ്രധാനാദ്ധ്യാപകൻ ഉൾപ്പെടെ 5 അധ്യാപകരും ഒരു PTCM ഉം ഉച്ചഭക്ഷണം തയ്യാറാക്കാൻ ഒരു പാചക തൊഴിലാളിയും പ്രീ -പ്രൈമറിയിൽ ഒരു അധ്യാപികയും സഹായത്തിനായി ഒരു ആയയും ഉൾപ്പെട്ടതാണ് സ്കൂളിലെ ജീവനക്കാർ.

| | | |
|---|---|---|
| 1 | ഹംസ പി -പ്രധാനാദ്ധ്യാപകൻ | മോണിറ്ററിങ്<br>ക്ലാസ് ചാർജ് :2 |
| 2 | സുനിമോൾ കെ **LPST** | ക്ലാസ് ചാർജ് :5<br>സ്റ്റാഫ് സെക്രട്ടറി ,PSITC,IEDC<br>**DOCUMENTATION**<br>**UP** സബ്ജെക്ട് കൺവീനർ<br>ഇക്കോക്ലബ്<br>ആരോഗ്യ ക്ലബ് |
| 3 | നളിനി ടി **LPST** | ക്ലാസ് ചാർജ് :3<br>ഉച്ച ഭക്ഷണം<br>പ്രഭാത ഭക്ഷണം<br>ശാസ്ത്രമേള<br>വിദ്യാരംഗം |
| 4 | ധന്യ ബി **LPST** | ക്ലാസ് ചാർജ് :4 കൺവീനർ<br>ലൈബ്രറി<br>ശുചിത്വ ക്ലബ്<br>**ENGLISH CLUB** |
| 5 | ലക്ഷ്മി ആർ **LPST** | ക്ലാസ് ചാർജ് :1<br>കലാ പ്രവൃത്തി പരിചയ മേള<br>പരീക്ഷ<br>സ്കൂൾ വാഹനം<br>ഗണിത ക്ലബ് |
| 6 | നിമിമോൾ സി | ക്ലാസ് ചാർജ് :പ്രീ പ്രൈമറി<br>പഠന യാത്ര<br>ശുചീകരണം |
| 7 | വേലായുധൻ എം **PTCM** | അച്ചടക്കം<br>ശുചീകരണം |

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| *അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br><br>* പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്ന കുട്ടികൾക്കുള്ള വ്യക്തിഗത പരിശീലനം.<br><br>*സർഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br><br>*പഠ്യേതര പ്രവർത്തനങ്ങൾ,ദിനാചരണങ്ങൾ തുടങ്ങിയവ മികച്ച രീതിയിൽ നടപ്പാക്കുന്നു.<br><br>*ക്ലാസ്റൂമുകളിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ ഫലപ്രദമായ ഉപയോഗം.<br><br>*ശിശു സൗഹാർദ പരമായ പ്രീ -പ്രൈമറി ക്ലാസ്സ്റൂം.<br><br>*കളികളിലൂടെ പഠനം രസകരമാക്കുന്നതിനു ഇന്ത്യയിലെ പ്രശസ്ത കമ്പനിയായ വി -ഗാർഡ് സംഭാവനചെയ്ത "PLAY-N-LEARN" മെറ്റീരിയലുകൾ.<br><br>*ആരോഗ്യമുള്ള പുതു തലമുറയെ വാർത്തെടുക്കാനായി തേങ്കുറിശ്ശി പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രഭാത ഭക്ഷണ പരിപാടി. | *സ്ഥല പരിമിതി വിദ്യാലയം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്.<br><br>*മുഴുവൻ കുട്ടികൾക്കും ഭാഷാ ശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br><br>*ലാബ്,ലൈബ്രറി സൗകര്യങ്ങൾ ഇല്ല.<br><br>*വായനക്ക് പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും നന്നായി പുസ്തകങ്ങൾ വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.<br><br>*മത്സരപരീക്ഷകളിൽ ,കുട്ടികൾ മികച്ച പ്രകടനത്തിലേക്കു എത്തുന്നില്ല.<br><br>*പ്രവർത്തന ക്ഷമമായ ഡിജിറ്റൽ ഉപകരണങ്ങളുടെ എണ്ണം കുറവാണ് .<br><br>*എല്ലാ വിഷയങ്ങൾക്കും ഫലപ്രദമായി IT അധിഷ്ഠിത പഠനം സാധ്യമാക്കാൻ കഴിയുന്നില്ല.<br><br>*കുട്ടികളിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട് .<br><br>*ഓഫീസ് മുറിയും സ്റ്റാഫ് റൂമും ഒന്നായതിനാൽ പലപ്പോഴും വിദ്യാലയത്തിന്റെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നു.<br><br>*കുട്ടികളുടെ കായിക ക്ഷമത കൂട്ടാനായി ഒരു കളിസ്ഥലം /പാർക്ക് ഇല്ല . 7 |

# പദ്ധതി രൂപീകരണ പ്രക്രിയ

1.വിദ്യാലയത്തിന്റെ സർവ്വതോൻമുഖമായ വികാസം ലക്ഷ്യമിട്ടു കൊണ്ട് വരും വര്ഷങ്ങളിൽ വിദ്യാലയത്തിൽ നാടകപ്പാക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ അക്കാദമിക മാസ്റ്റർ പ്ലാൻ PTA ,MPTA ,പ്രസിഡന്റുമാരെ ഉൾപ്പെടുത്തിക്കൊണ്ട് SRG യോഗത്തിൽ ചർച്ച ചെയ്തു.

2.ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ക്ലാസ് /വിഷയം അടിസ്ഥാനത്തിൽ ഭൗതികം,അക്കാദമികം ,സാമൂഹികം എന്നിങ്ങനെ തിരിച്ചു കരട് രൂപരേഖ തയ്യാറാക്കി.

3.കരട് രൂപ രേഖ ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങിയ യോഗത്തിൽ അവതരിപ്പിച്ചു.

4.യോഗത്തിൽ നിന്നുയർനിന്നുയർന്നു വന്ന നിർദേശങ്ങൾക് നൂതനാശയങ്ങളും ഉൾക്കൊള്ളിച്ചു കാർഡ് രേഖ വിപുലമാക്കി.

5.പി.ടി.എ .നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കി.

# വിഷയ മേഖല -പ്രവർത്തനങ്ങൾ

**മേഖല: അക്കാദമികം** **ഉപമേഖല : ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും ഉയർന്ന തലത്തിലേക്ക് എത്തിക്കുക . | 1.അസ്സംബ്ലിയിലും ക്ലാസ്സുകളിലും പത്ര വായന | ദൈനംദിനം | HM | 3000/- സ്പോൺസർഷിപ്പ് |
| | 2.അക്ഷരക്കാർഡുകൾ ,പദക്കാർഡുകൾ, പദപ്രശ്നം ,കടങ്കഥ തുടങ്ങിയവ തയ്യാറാക്കുന്നു . | സന്ദർഭാനുസരണം | ക്ലാസ്സ്ടീച്ചർ | 2000/- |
| | 3.എല്ലാക്ലാസ്സുകളിലും വായനാ മൂല സജ്ജീകരിക്കുന്നു. | ദൈനംദിനം | ക്ലാസ്സ്ടീച്ചർ | 5000/- |
| | 4.ആഴ്ചയിലൊരിക്കൽ ലൈബ്രറി പുസ്തക വിതരണം നടത്തുന്നു. | ആഴ്ച്ചയിൽ ഒന്ന് | ക്ലാസ്സ്ടീച്ചർ | |
| | 5. ഡയറി എഴുത്തു പരിശീലിപ്പിക്കുന്നു , പതിപ്പുകൾ തയ്യാറാക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ്സ്ടീച്ചർ കുട്ടികൾ | |
| | 6.ജന്മദിനത്തോടനുബന്ധിച്ച പുസ്തകം സമ്മാനമായി നൽകുന്നു. | | കുട്ടികൾ | |

| | | | | |
|---|---|---|---|---|
| | 7.പുസ്തക പരിചയക്കുറിപ്പുകൾ തയ്യാറാക്കുന്നു.<br>8.വായനാ വസന്തം - അധിക വായനക്കായി മാത്രം കുറച്ചു സമയം മാറ്റി മാറ്റുന്നു. | | കുട്ടികൾ<br><br>ക്ലാസ്സ്ടീച്ചർ<br>കുട്ടികൾ | |

**മേഖല:അക്കാദമികം** **ഉപമേഖല:ഇംഗ്ലീഷ് ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ്ഭാഷയിൽ താല്പര്യം ജനിപ്പിക്കുക.<br><br>എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ ആശയ വിനിമയം നടത്താനും,വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കുക. | 1.ഇംഗ്ലീഷ് അസ്സംബ്ലി | മാസത്തിലൊരിക്കൽ | ENGLISH CLUB | |
| | 2.ഇംഗ്ലീഷ് ക്ലാസ്സുകളിൽ ഇംഗ്ലീഷ് ഭാഷ നിർബന്ധമാക്കുക. | ദൈനംദിനം | ക്ലാസ്സ്ടീച്ചർ | |
| | 3.ഇംഗ്ലീഷ് പുസ്തകങ്ങൾ വായനക്ക് നൽകുക. | മാസത്തിലൊരിക്കൽ | ക്ലാസ്സ്ടീച്ചർ | |
| | 4.ഐ സി ടി സഹായത്തോടെ ഇംഗ്ലീഷ് കാർട്ടൂണുകൾ, **Rhymes,Short Films,Stories** തുടങ്ങിയവ കാണാൻ അവസരം ഒരുക്കുക. | ആഴ്ചയിലൊരിക്കൽ | ക്ലാസ്സ്ടീച്ചർ | |
| | 5.ഇംഗ്ലീഷ് ഫെസ്റ്റ് | വർഷത്തി | ENGLISH | 10000/- |

| | | | | |
|---|---|---|---|---|
| | നടത്തുക. | ലൊരിക്കൽ | CLUB,SRG | |
| | 6.ഓരോ കുട്ടിക്കും "My Own English World"എന്ന ശേഖരണ പുസ്തകം ഉണ്ടാവുക. | ജൂൺ-മാർച്ച് | കുട്ടികൾ | |
| | 7. ഇംഗ്ലീഷ് വർക്ക് ഷീറ്റുകൾ ,വായനാകാർഡുകൾ എന്നിവ ഓരോ ക്ലാസ്സിലേക്കും തയ്യാറാക്കുക. | ദൈനംദിനം | SRG | 2000/- |

## മേഖല :അക്കാദമികം ഉപമേഖല :ഹിന്ദി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് ഹിന്ദി ഭാഷ പഠിക്കാൻ താല്പര്യം ജനിപ്പിക്കുകയും ഹിന്ദി പഠനം ആസ്വാദ്യകരമാക്കുകയും ചെയ്യുക. | 1.അക്ഷരക്കാർഡുകൾ,പദക്കാർഡുകൾ മുതലായവ നിർമ്മിച്ച് എല്ലാകുട്ടികൾക്കും ഹിന്ദി അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക. | ദൈനംദിനം | ക്ലാസ്സ്ടീച്ചർ | |
| | 2.ഹിന്ദി ദിനാചരണം അനുയോജ്യമായി | വർഷത്തിലൊരിക്കൽ | ക്ലാസ്സ്ടീച്ചർ കുട്ടികൾ | 3000/- |

| | | | | |
|---|---|---|---|---|
| | കൊണ്ടാടുക.<br><br>3.പാഠവുമായി ബന്ധപ്പെട്ട പതിപ്പുകൾ തയ്യാറാക്കുക. | ആവശ്യാനു സരണം | ക്ലാസ്സ്ടീച്ചർ കുട്ടികൾ | 2000/- |

**മേഖല :അക്കാദമികം** **ഉപമേഖല :ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം പഠിക്കുവാൻ താല്പര്യം ജനിപ്പിക്കുക.<br><br>ഗണിത പഠനം ആസ്വാദ്യകര മാക്കുക.<br><br>നിത്യജീവിത ത്തിൽ ഗണിതം ഫലപ്രദമായി പ്രയോജനപ്പെ ടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക. | 1.ഗണിത വിജയം,ഉല്ലാസ ഗണിതം ,PLAY -N -LEARN - ഇവയുമായി ബന്ധപ്പെട്ട സാമഗ്രികൾ ഉപയോഗിച്ച് ഗണിതാശയങ്ങ ളെ മൂർത്തമായ അവതരിപ്പിക്കുക.<br><br>2.ഓരോ ക്ലാസ്സിലും ഗണിത മൂല,ഓരോ കുട്ടിക്കും കണക്കുപെട്ടി എന്നിവ സജ്ജീകരിക്കുന്നു . | ദൈനംദിനം<br><br>ആവശ്യാനു സരണം | ക്ലാസ്സ്ടീച്ചർ<br><br>ക്ലാസ്സ്ടീച്ചർ കുട്ടികൾ | |

| | | | | |
|---|---|---|---|---|
| | 3.ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്വിസ് മത്സരം,ശില്പശാല ,ഗണിതോത്സവം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ-മാർച്ച് | ഗണിത ക്ലബ്ബ് | 5000/- |
| | 4.ഗണിതമേളകളിൽ കുട്ടികളുടെ സജീവ സാന്നിധ്യം ഉറപ്പാക്കുന്നു. | വർഷത്തിലൊരിക്കൽ | ക്ലാസ്സ്ടീച്ചർ | 5000/- |

**മേഖല :അക്കാദമികം** **ഉപമേഖല:ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രഭിരുചി വളർത്തുക . | 1.ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | മാസത്തിലൊരിക്കൽ | ശാസ്ത്ര ക്ലബ്ബ് | |
| ദൈനം ദിന ജീവിതത്തിൽ ശാസ്ത്രത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുക. | 2.പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു. | | ക്ലാസ്സ്ടീച്ചർ | |
| ശാസ്ത്രാവബോധം വളർത്തുക. | 3.ശാസ്ത്രമേളകളിൽ പങ്കെടുക്കാനായി പ്രത്യേക പരിശീലനം നൽകുന്നു. | ജൂൺ-മാർച്ച് | ക്ലാസ്സ്ടീച്ചർ SRG | 5000/- |

| | | | | |
|---|---|---|---|---|
| | **4.**ക്ലാസ്സിൽ ശാസ്ത്ര മൂലകൾ സജ്ജീകരിക്കുന്നു.<br><br>**5.**ഓരോ കുട്ടിയ്ക്കും സ്വന്തമായി ഒരു പരീക്ഷണ കിറ്റ് തയ്യാറാക്കുന്നു.<br><br>**6.**ശാസ്ത്രോത്സവം നടത്തുന്നു. | ആവശ്യാനുസരണം<br><br>ആവശ്യാനുസരണം<br><br>വർഷത്തിലൊരിക്കൽ | ക്ലാസ്സ്ടീച്ചർ<br><br>കുട്ടികൾ<br><br>**SRG,** ശാസ്ത്ര ക്ലബ്ബ് | **5000/-** |

## മേഖല :അക്കാദമികം ഉപമേഖല:സാമൂഹിക അവബോധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മതേതരത്വ ചിന്തകൾ വളർത്തുക.<br><br>സമൂഹത്തോടുള്ള ഉത്തരവാദിത്തം കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക .<br><br>മൗലികാവകാശങ്ങൾ,കടമകൾ,ഇവയെക്കുറിച്ചു അടിസ്ഥാന ബോധം ഉണ്ടാക്കിയെടുക്കുക | **1.**പൗരാവബോധ ക്ലാസുകൾ സംഘടിപ്പിക്കുക.<br><br>**2.**ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക .<br><br>**3.**ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. (ആരോഗ്യം,ശുചിത്വം,മഴക്കാല രോഗങ്ങൾമാലിന്യ നിർമാർജനം' ലഹരിയുടെ അപകടങ്ങൾ .....) | ജൂൺ 3 -13<br><br>ജൂൺ-മാർച്ച്<br><br>ജൂൺ-മാർച്ച് | **HM SRG**<br><br>**HM SRG**<br><br>**HM SRG** | **20000/-** |

**മേഖല: അക്കാദമികം ഉപമേഖല:ക്ലബ്ബ് പ്രവർത്തനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ വിഷയങ്ങളിൽ താത്പര്യം ജനിപ്പിക്കുക. | ഭാഷ-ഗണിത-ശാസ്ത്ര-ആരോഗ്യ - ക്ലബ്ബ് രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു. | സന്ദർഭാനുസരണം | HM ക്ലബ്ബ് കൺവീനർ | |

**മേഖല: അക്കാദമികം ഉപമേഖല:പഠനയാത്ര**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിനോദത്തിലൂടെ വിജ്ഞാനം നേടുക. | വിജ്ഞാനത്തോടൊപ്പം വിനോദവും ലക്ഷ്യമാക്കിക്കൊണ്ട് വർഷത്തിലൊരിക്കൽ പി.ടി.എ. അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് പഠനയാത്ര സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | HM,PTA &STAFF | 25000/- |

**മേഖല :അക്കാദമികം** **ഉപമേഖല:പ്രവൃത്തി പരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുക. | 1.പാഠഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ക്ലാസ്സിൽ നടത്തുക.<br>2.പാഴ് വസ്തുക്കളിൽ നിന്ന് പ്രയോജനമുള്ളവ നിർമ്മിക്കുക.<br>3.പ്രവൃത്തി പരിചയ മേളക്ക് പങ്കെടുക്കാൻ വേണ്ട പരിശീലനം കുട്ടികൾക്ക് നൽകുക.<br>4.കുട്ടികൾക്ക് ഒറിഗാമി പരിശീലനം നൽകുക. | സന്ദർഭാനുസരണം<br>സന്ദർഭാനുസരണം<br>വർഷത്തിലൊരിക്കൽ<br>ആവശ്യാനുസരണം | ക്ലാസ്സ്ടീച്ചർ<br>ക്ലാസ്സ്ടീച്ചർ<br>അധ്യാപകർ<br>അധ്യാപകർ | |

**മേഖല :അക്കാദമികം** **ഉപമേഖല:കലാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാമേള ലക്ഷ്യം വച്ച് കുട്ടികളെ വിവിധ മത്സര ഇനങ്ങൾ പരിശീലിപ്പിക്കുക. | 1.കലാമേള ലക്ഷ്യം വച്ച് കുട്ടികളെ വിവിധ മത്സര ഇനങ്ങൾ പരിശീലിപ്പിക്കുക.<br>2.സ്വരലയം കൾച്ചറൽ ഫെസ്റ്റ് "-കുട്ടികളുടെ കലാവാസനകൾ പ്രകടിപ്പിക്കാനുള്ള സ്വതന്ത്ര വേദി സജ്ജമാക്കുക. | വർഷത്തിലൊരിക്കൽ<br>മാസത്തിൽ ഒന്ന് | അധ്യാപകർ<br>നൃത്താധ്യാപകൻ<br>കുട്ടികൾ | 25000/- |

മേഖല :അക്കാദമികം ഉപമേഖല:ആരോഗ്യ കായിക വിദ്യാഭ്യാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെ കുട്ടികളുടെ മാനസികവും കായികവുമായ പുരോഗതി ഉറപ്പാക്കുക. | 1.അസ്സംബ്ലിയിൽ നിത്യേന ലഘു വ്യായാമങ്ങൾ ചെയ്യിക്കുക<br>2.സൂംബ ഡാൻസ് പരിശീലിപ്പിക്കുക.<br>3.ഹെൽത്ത് ചെക്കപ്പ് നടത്തുക.<br>4.ഓരോ ക്ലാസ്സിനും ആഴ്ചയിൽ മൂന്ന് പി.ടി. പിരീഡുകളെ ങ്കിലുംഉറപ്പാക്കുക. | ദൈനംദിനം<br>ദൈനംദിനം<br>ആവശ്യാനുസരണം | അധ്യാപകർ<br>അധ്യാപകർ<br>ആരോഗ്യ വകുപ്പിലെ ജീവനക്കാർ | |

മേഖല : അക്കാദമികം ഉപമേഖല:ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ടു നടത്തേണ്ട | സന്ദർഭാനുസരണം | വിവിധ ക്ലബ്ബുകൾ | |

| | | | | |
|---|---|---|---|---|
| | പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ ചർച്ച ചെയ്യുകയും നിശ്ചിത ദിവസങ്ങളിൽ അവ നടപ്പാക്കുകയും ചെയ്യുന്നു. | | | |

**മേഖല : അക്കാദമികം** **ഉപമേഖല:പ്രഭാത ഭക്ഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | എല്ലാ അധ്യയന ദിവസങ്ങളിലും വൈവിധ്യമാർന്നതും പോഷകമൂല്യമുള്ളതുമായ പ്രഭാത ഭക്ഷണം കുട്ടികൾക്ക് നൽകുന്നു. | ഒരു വർഷം | തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്ത് | 300000/- (സ്പോൺസർഷിപ്പ് ) |

## മേഖല: അക്കാദമികം      ഉപ മേഖല: ശുചിത്വ വിദ്യാലയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കരമായ വിദ്യാലയ ത്തിന് വിദ്യാലയ ശുചിത്വം ഉറപ്പാക്കുക . | 1.വിദ്യാലയവും പരിസരവും വൃത്തിയാക്കൽ | ദൈനം ദിനം | അധ്യാപകർ വിദ്യാർഥിക ൾ,PTCM | 5000/- |
| | 2.പാചകപ്പുര വൃത്തിയാക്കൽ | ദൈനം ദിനം | പാചക തൊഴിലാളി | |
| | 3.ടോയ്‌ലറ്റുകൾ വൃത്തിയാക്കൽ | ദൈനം ദിനം | PTCM | |
| | 4.ടോയ്‌ലറ്റിലും കൈ കഴുകുന്ന ഇടങ്ങളിലും സോപ്പ് വയ്ക്കാനുള്ള സൗകര്യമൊരുക്കൽ | ദൈനം ദിനം | ഹെൽത്ത് ക്ലബ്ബ് | 1000/- |
| | 5.വിദ്യാലയത്തിന്റെ നിത്യേനയുള്ളഉപയോഗത്തിന് ജല ലഭ്യത ഉറപ്പാക്കൽ | ദൈനം ദിനം | HM & Staff | |
| | 6.പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കൽ | ദൈനം ദിനം | അധ്യാപകർ വിദ്യാർഥിക ൾ | |
| | 7.ഭക്ഷണത്തിനു സ്റ്റീൽ പാത്രങ്ങൾ നിർബന്ധമാക്കൽ | ദൈനം ദിനം | ഉച്ച ഭക്ഷണ കമ്മിറ്റി | 2000/- |
| | 8.ജൈവ മാലിന്യ സംസ്കരണത്തിനായി കമ്പോസ്റ്റു കുഴികൾ നിർമിക്കൽ | ആവശ്യമനു സരിച്ച് | PTA | |
| | 9.ദിവസവും അസ്സംബ്ലിയിൽ ശുചിത്വത്തിന്റെ പ്രാധാന്യത്തെ കുറിച്ച് കുട്ടികളെ ഓർമിപ്പിക്കുന്നു. | ദൈനം ദിനം | HM& Staff | |
| | 10.ശുചിത്വ ക്ലബ് രൂപീകരിക്കുന്നു. | വർഷത്തിൽ ഒന്ന് | | |

| | | | | |
|---|---|---|---|---|
| | **11.**രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ആവശ്യമനു സരിച്ച് | ഹെൽത്ത് ക്ലബ്ബ് | |

## മേഖല:ഭൗതികം ഉപമേഖല: സ്കൂൾ സൗന്ദര്യവത്ക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയവും പരിസരവും ആകർഷകമാക്കുക. | **1.**വിദ്യാലയവും പരിസരവും ശുചിത്വമുള്ളതും ഹരിതാഭവും ആക്കുക.<br><br>**2.**ക്ലാസ്സ്മുറികളും അടുക്കളയും ചുറ്റുമതിലും പെയിന്റടിക്കുക.<br><br>**3.**ചുമർചിത്രങ്ങൾ കൊണ്ട് വിദ്യാലയം ആകർഷകമാക്കുക.<br><br>**4.**സ്കൂളിൽ ഒരു പൂന്തോട്ടം ഒരുക്കുക. | ഒരു വർഷം | **PTA** | **30000/-** |

## മേഖല: ഭൗതികം ഉപമേഖല:കളിസ്ഥലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായികക്ഷമതയുള്ള പുതു തലമുറയെ | കായിക പഠനത്തിനും പരിശീലനത്തിനും യോജിച്ച വിധത്തിലുള്ള | | **PTA,SMC, LSGD,** | **50** ലക്ഷം |

| | | | | |
|---|---|---|---|---|
| വാർത്തെടുക്കുക | കളിസ്ഥലം വിദ്യാലയത്തിന് സമീപം കണ്ടെത്തുന്നു. | | **MLA/ MP Fund** | |

## മേഖല: ഭൗതികം ഉപമേഖല:പുതിയ ആർ .സി. കെട്ടിടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ ക്ലാസ്സ്മുറികളും സ്മാർട്ട് ക്ലാസ് ആക്കുക. | നിലവിലുള്ള കെട്ടിടം പൊളിച്ചു നീക്കി ആധുനിക സൗകര്യങ്ങളോട് കൂടിയ ക്ലാസ് മുറികൾ നിർമ്മിക്കുന്നു. | | **LSG,MLA,MP Fund** | **1** കോടി |

## മേഖല: സാമൂഹികം ഉപമേഖല : കോർണർ പി.ടി.എ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ചു രക്ഷിതാക്കൾക്ക് സൗകര്യമായ രീതിയിൽ പി.ടി.എ.യോഗങ്ങൾ ചേരുന്നു. | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ചു രക്ഷിതാക്കൾക്ക് സൗകര്യമായ രീതിയിൽ പി.ടി.എ.യോഗങ്ങൾ ചേരുന്നു. | വർഷത്തിൽ ഒന്നോ രണ്ടോ തവണ | **SRG** | **6000/-** |

മേഖല: സാമൂഹികം ഉപമേഖല : ഭവന സന്ദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാർത്ഥികളുടെ സാമൂഹിക സാമ്പത്തിക കുടുംബ പശ്ചാത്തലം നേരിട്ട് കണ്ട് അറിയുക. | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളാക്കി തിരിച്ചു സൗകര്യ പ്രദമായ സമയത്തു എല്ലാ വിദ്യാർത്ഥികളുടെയും ഭവനം സന്ദർശിക്കുന്നു. | വർഷത്തിൽ ഒന്ന് | HM ,Staff &PTA | 5000/- |

മേഖല: സാമൂഹികം ഉപമേഖല : പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിഷരഹിതവും പോഷക സമ്പന്നവുമായ ഭക്ഷണം വിദ്യാർത്ഥികൾക്ക് പ്രദാനം ചെയ്യുക. | ഗ്രോ ബാഗുകളിൽ വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നു. | ഒരു വർഷം | HM ,Staff &PTA,കുട്ടികൾ | 5000/- |

# ഉപസംഹാരം

സമഗ്ര ഗുണമേന്മാ പദ്ധതി കുട്ടികൾക്ക് ഏറ്റവും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന സ്വതന്ത്ര്യ ലക്ഷ്യത്തോടെയാണ് വിഭാവനം ചെയ്തിരിക്കുന്നത്.അതിനനുസൃതമായ രീതിയിൽ, പരിമിതികൾക്കുള്ളിൽ നിന്ന് കൊണ്ട് ഏറ്റവും ക്രിയാത്മക രീതിയിലുള്ള ഒരു അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കാനാണ് ഞങ്ങൾ ശ്രമിച്ചിട്ടുള്ളത്.നമ്മുടെ വിദ്യാലയത്തിന്റെ കാഴ്ച്ചപ്പാടും ,അക്കാദമിക ലക്ഷ്യങ്ങളും ,വിഭവ വിനിയോഗവും, പ്രവർത്തന പരിപാടികളും പരമാവധി ഇതിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്.നമ്മുടെ വിദ്യാലയത്തിൽ പഠിക്കുന്ന ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്ര വികസനവും ലക്ഷ്യമാക്കി പ്രവർത്തിക്കാൻ ഈ മാസ്റ്റർപ്ലാൻ നമുക്കോരോരുത്തർക്കും വഴികാട്ടിയാകുമെന്നു ആത്മാർഥമായി വിശ്വസിക്കുന്നു.

*******************************************